(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓഹരി മൂലധന മായി 355.93 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ ടെക്സ് ഹെഡിൽനിന്നും സർക്കാർ നിർദ്ദേശ പ്രകാരം ലോണായി 60 ലക്ഷം രൂപ അനുവദിക്കുകയും, ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽനിന്നും മിൽ എടുത്തിട്ടുള്ള 5 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) മില്ലിന്റെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ പരിശോധി ച്ചുവരുന്നു.

(എഫ്)-(എച്ച്) രണ്ടാംഘട്ട വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടില്ല.

(ഐ) മുൻകാല ബാദ്ധ്യതകൾ ഒഴിച്ചു നിർത്തിയാൽ മില്ലിന്റെ തനതു പ്രവർത്തനം ലാഭകരമാണ്. കൃത്യമായ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(ജെ) ഇപ്പോൾ പറയാൻ കഴിയില്ല.

288 (1467) സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം സ്പിന്നിംഗ് മിൽ ഉൾപ്പെടെ സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിലെ ഇ.എസ്.ഐ. പരിധിയുടെ മുകളിൽ വരുന്ന ജീവന ക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം നൽകുന്നതിന് സർക്കാർ അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ഈ വിഭാഗം ജീവനക്കാരുടെ മെഡിക്കൽ ക്ലെയിമിന് അപേക്ഷ ലഭിച്ചാൽ അത് എത്ര കാലാവധിക്കുള്ളിൽ കൊടുത്തുതീർക്കും എന്ന് വ്യക്ത മാക്കുമോ;

(സി) ബാലരാമപുരം സ്പിന്നിംഗ് മില്ലിലെ സീനിയർ ഇലക്ട്രീഷ്യ നായ ശിവരാജിന്റെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷയിലെ തുക പെൻഷൻപറ്റിയിട്ടും നാളിതുവരെ കൊടുത്തുതീർക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതു നൽകുന്നതിന് എം.എൽ.എ.മാർ മുഖാന്തിരം അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) ഇയാളുടെ മെഡിക്കൽ ക്ലെയിം നിഷേധിച്ചിട്ടുണ്ടെങ്കിൽ അത് കക്ഷിയെ അറിയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇതു സംബന്ധിച്ച ഒറിജിനൽ ബില്ലുകൾ റീ-ഇംപേഴ്സ്മെന്റി നായി സമർപ്പിച്ചിരുന്നത് തിരിച്ച് നൽകുവാൻ അടിയന്തിര നടപടി സ്വീകരി ക്കുമോ;

(ജി) ഇയാൾക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കുമോ;

(എച്ച്) ഇദ്ദേഹത്തിന് ഇ.എസ്.ഐ. പരിധിയുടെ മുകളിലുള്ള സമ യത്തെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുവാൻ നടപടികൾ സ്വീകരി ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിലെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്പിന്നിംഗ്മില്ലിലും ബാലരാമപുരം സ്പിന്നിംഗ് മില്ലിലും ഉള്ള സൂപ്പർവൈസറി ആന്റ് മാനേജീരിയൽ തസ്തികയിലുള്ളവരും ഇ.എസ്.ഐ. ആക്ടിന്റെ പരിധിയിൽ വരാത്തവരുമായവർക്ക് ഒരു മാസത്തെ വേതനം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി നൽകിവരുന്നു.

2. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലെ ഇ. എസ്..ഐ.യുടെ പരിധിയിൽപ്പെടാത്ത തൊഴിലാളികൾക്ക് ഇഎസ്.ഐ. കോർപ്പറേഷനിലേക്ക് മാനേജ്മെന്റിന്റെ പരമാവധി കോൺട്രിബ്യൂഷന്റെ ശതമാനത്തിന്റെ തുല്യമായ ശതമാനം തൊഴിലാളിയുടെ വേതനത്തിൽനിന്നും അയാൾക്ക് മെഡിക്കൽ അലവൻസായി നൽകുന്നു. ഇ.എസ്.ഐ. യുടെ പരിധിയിൽ നിന്നും പുറത്തുപോകുന്ന തീയതി മുതൽ മെഡിക്കൽ അലവൻസ് നൽകിവരുന്നു.

3. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ : ഇ.എസ്.ഐ. പരിധിക്ക് പുറത്തുവരുന്ന തൊഴിലാളികൾക്ക് ഒരുവർഷം ഒരുമാസത്തെ ശമ്പളം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി നൽകിവരുന്നു. മെഡിക്കൽ ബില്ലും, സർട്ടിഫിക്കറ്റും സമർപ്പിക്കുന്ന അവസരത്തിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നു.

4. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ : ഇ.എസ്.ഐ. ആനുകൂല്യത്തിന് അർഹതയില്ലാത്ത ജീവനക്കാർക്ക് ഒരു വർഷത്തിൽ പരമാവധി ഒരു മാസത്തെ അടിസ്ഥാനശമ്പളം ഡി.എ.യും കൂടിയുള്ള തുകയിൽ നിജപ്പെടുത്തി ചികിത്സാച്ചെലവുകൾ നൽകുന്നുണ്ട്.

5. തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് : ഇ.എസ്.ഐ.യ്ക്ക് മുകളിൽ വരുന്ന ജീവനക്കാർക്ക് എച്ച്.ആർ.എ. ഒഴികെയുള്ള ശമ്പളത്തിന്റെ 9.33% മെഡിക്കൽ അലവൻസായി മിൽ നൽകുന്നുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനുള്ള ബില്ലുകൾ ലഭിക്കുന്നമുറയ്ക്ക് അവ പാസ്സാക്കി ബിൽ തുക നൽകുന്ന പതിവുണ്ട്.

മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ ജീവനക്കാർക്ക് ഇ.എസ്.ഐ. പരിധിയ്ക്ക് പുറത്തുപോകുന്നത് മുതൽ മെഡിക്കൽ അലവൻസ് നൽകിവരുന്നു. എന്നാൽ വീണ്ടും ഇ.എസ്.ഐ. പരിധിക്ക് ഉള്ളിൽവരുമ്പോൾ മെഡിക്കൽ അലവൻസ് നൽകുന്നത് നിറുത്തുന്നു.

കൊല്ലം കോ-കോപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ മെഡിക്കൽ സർട്ടിഫിക്കറ്റും, ബില്ലും ഹാജരാക്കുന്ന സമയത്തുതന്നെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നു.

കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 6 മാസത്തിൽ ഒരിക്കൽ എന്ന നിലയിൽ ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ ചികിത്സാച്ചെലവുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് നൽകുന്നതിനാൽ മെഡിക്കൽ ക്ലെയിം അനുവദിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാർ 1.1.97 മുതൽ 6500 രൂപയായി ഇ.എസ്.ഐ. പരിധി ഉയർത്തുന്നതിനുമുമ്പ് പരിധിക്ക് മുകളിലായതു നിമിത്തം ഇ.എസ്. ഐ. ആനുകൂല്യം ലഭിക്കാത്ത തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ തൊഴിലാളികൾ മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി ചർച്ചചെയ്തു തീരുമാനിച്ച കരാറിലെ വ്യവസ്ഥ പ്രകാരം വേതനത്തിന്റെ 4% കണക്കാക്കി മെഡിക്കൽ അലവൻസ് നൽകുകയുണ്ടായി. ഈ മില്ലിലെ ജീവക്കാരനായിരുന്ന ശ്രീ. ശിവരാജിന് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാതിരുന്ന 1.1.95 മുതൽ 31.12.96 വരെയുള്ള കാലയളവിലേക്ക് മേൽപ്പറഞ്ഞ കരാർ വ്യവസ്ഥ പ്രകാരം അർഹതപ്പെട്ട മെഡിക്കൽ അലവൻസ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. സർക്കാർ നിർദ്ദേശിച്ചതുപ്രകാരം ശ്രീ. ശിവരാജിന് മെഡിക്കൽ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച അപേക്ഷ ജൂൺ 1997-ൽ നടന്ന കമ്പനിയുടെ 153-ാമത് ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ അവതരിപ്പിക്കുകയും 'ശിവരാജിന്' ഇ.എസ്.ഐ. ആനുകൂല്യത്തിന് പകരമായി യൂണിയനുകളുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥപ്രകാരം അർഹതപ്പെട്ട മെഡിക്കൽ അലവൻസ് നൽകിയിട്ടുള്ളതിനാലും മില്ലിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഭീമമായ ഒരു തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി കൊടുക്കാൻ കഴിയില്ലെന്നതിനാലും ടി കാര്യം പരിഗണിക്കാനാവില്ലെന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ഇ) വ്യവസായ വകുപ്പുവഴിയാണ് ശ്രീ. ശിവരാജ് മെഡിക്കൽ ആനുകൂല്യം നൽകുന്നതു സംബന്ധിച്ച് അപേക്ഷ പുനഃപരിശോധിക്കണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനാൽ കമ്പനി നേരിട്ട് ശ്രീ. ശിവരാജിന് മറുപടി നൽകിയില്ല.

(എഫ്) രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ശ്രീ. ശിവരാജ് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനായി കമ്പനിയിൽ സമർപ്പിച്ച ബില്ലുകൾ തിരികെ കൊടുക്കുന്നതാണ്.

(ജി) ജീവനക്കാരുമായി ഉണ്ടാക്കിയ കരാറനുസരിച്ച് ടിയാന് മെഡിക്കൽ അലവൻസ് നൽകിയിട്ടുണ്ട്. അതിനാൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കുന്ന കാര്യം ഉദിക്കുന്നില്ല.

(എച്ച്) ഇ.എസ്.ഐ. പരിധിയുടെ മുകളിലുള്ള സമയത്തേക്ക് മറ്റ് ജീവനക്കാർക്ക് നൽകിയതുപോലെ കരാർ വ്യവസ്ഥ പ്രകാരം ഉള്ള മെഡിക്കൽ അലവൻസ് ശ്രീ. ശിവരാജ് കമ്പനിയിൽനിന്നും കൈപ്പറ്റിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന ഈ മില്ലിൽനിന്ന് അർഹതപ്പെട്ട മെഡിക്കൽ അലവൻസിൽ കൂടുതലായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്ന കാര്യം പരിഗണനയിലില്ല.

289 (1468) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly